## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5010 — 24.10.2011-ൽ മറുപടിക്ക്

### എൻ.ആർ.എച്ച്.എം-വയനാട് ജില്ലയിലെ പദ്ധതികൾ

**ചോദ്യം**

ശ്രീ.എം.വി.ശ്രേയാംസ് കുമാർ :

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ 2009-10, 2010-11 വർഷങ്ങളിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം നിയോജകമണ്ഡലം തിരിച്ച് വെളിപ്പെടുത്തുമോ ;

**ഉത്തരം**

ശ്രീ.അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

(എ) വയനാട് ജില്ലയിൽ നാഷണൽ റൂറൽ ഹെൽത്ത് മിഷൻ 2009-2010, 2010-2011 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം താഴെ കൊടുക്കുന്നു.

2009-10

ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയുടെ ഭാഗമായി വയനാട്ടിൽ 30 വയസ്സിനു മുകളിലുള്ള എല്ലാവരുടെയും സർവ്വേ നടത്തി, സ്കൂൾ ആരോഗ്യ പദ്ധതി വയനാട്ടിലെ തെരഞ്ഞെടുക്കപ്പെട്ട 27 സ്കൂളുകളിൽ ആരംഭിച്ചു. സിക്കിൾസെൽ രോഗികൾക്കായുള്ള രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ചു. ആദിവാസി മേഖലകളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സഹായത്തോടെ കോളനികളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും സാമൂഹികാരോഗ്യകേന്ദ്രങ്ങളുടെയും ആഭിമുഖ്യത്തിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും സ്പെഷ്യാലിറ്റി മെഡിക്കൽ ക്യാമ്പുകളും നടത്തി സാംക്രമിക രോഗങ്ങളുടെയും പകർച്ചവ്യാധികളുടെയും പ്രതിരോധത്തിനായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സെമിനാറുകളും, ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചു. പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതിയുടെ ഭാഗമായി വിവിധ പഞ്ചായത്തുകളിൽ ഹോംകെയർ തുടങ്ങുന്നതിനായി സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകി ജില്ലയിലെ എല്ലാ പഞ്ചായത്ത് വാർഡുകളിലും എല്ലാ മാസവും വാർഡ്തല പോഷകദിനാചരണം നടത്തി.

രാഷ്ട്രീയ സ്വാസ്ത്യ ബീമാ യോജന പദ്ധതിപ്രകാരം മാനന്തവാടി ജില്ലാ ആശുപത്രി, താലൂക്ക് ആശുപത്രി, മീനങ്ങാടി സി.എച്ച്.സി, കൽപ്പറ്റ ജില്ലാ ആശുപത്രി, വൈത്തിരി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ 82 ലക്ഷം രൂപയുടെ ആനുകൂല്യം അർഹരായ രോഗികൾക്ക് ലഭ്യമാക്കി.

2010-2011

ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി ജില്ലയിൽ സബ് സെന്റർ തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും രോഗനിർണ്ണയം നടത്തി തുടർ ചികിത്സയും മരുന്നും ലഭ്യമാക്കുകയും ചെയ്തു. സിക്കിൾസെൽ രോഗികൾക്ക് മരുന്നും പോഷകാഹാരകിറ്റും നൽകി. പി.എച്ച്.സി അപ്പപ്പാറ, പി.എച്ച്.സി നൂൽപ്പുഴ എന്നിവിടങ്ങളിൽ പുതുതായി ട്രൈബൽ മൊബൈൽ യൂണിറ്റുകൾ ആരംഭിച്ചു. 4 ലബോറട്ടറികളെ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ നിലവാരത്തിലേക്കുയർത്തി.

1. മാനന്തവാടി നിയോജകമണ്ഡലം

പേരിയ സി.എച്ച്.സി യിൽ 1389375 രൂപയുടെ എസ്റ്റിമേറ്റിൽ എക്സ്റേ പ്രവർത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

2. കൽപ്പറ്റ നിയോജകമണ്ഡലം

എ) തരിയോട് സി.എച്ച്.സി യിൽ ഉപയോഗ മല്ലാതിരുന്ന കെട്ടിടം 1522185 രൂപയുടെ എസ്റ്റിമേറ്റിൽ നവീകരിച്ച് ഒ.പി വിഭാഗത്തിന് ആവശ്യമായ സ്ഥല സൗകര്യം ഏർപ്പെടുത്തി.

ബി) വൈത്തിരി താലൂക്ക് ആശുപത്രിയിൽ 2328104 രൂപയുടെ എസ്റ്റിമേറ്റിൽ ഒ.പി. ബ്ലോക്കിന്റെ നവീകരണ പ്രവർത്തനങ്ങളും കാഷ്വാലിറ്റി ബ്ലോക്കിന്റെ നിർമ്മാണവും നടത്തി.

സി) തരിയോട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ട്രെയിനിംഗ് സെന്റർ കെട്ടിടം ആവശ്യമായ അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനങ്ങളും നടത്തി ജില്ലാ ട്രെയിനിംഗ് സെന്ററായി പ്രവർത്തനമാരംഭിച്ചു.

ഡി) കൽപ്പറ്റ പോളി ക്ലിനിക് പ്രവർത്തനമാരംഭിച്ചു.

ഇ) പൊഴുതന പി.എച്ച്.സി ക്ക് കെട്ടിടം പണി ആരംഭിച്ചു.

സുൽത്താൻബത്തേരി നിയോജകമണ്ഡലം

എ) 2647537 രൂപയുടെ എസ്റ്റിമേറ്റിൽ മീനങ്ങാടി സി.എച്ച്.സി യിൽ ഒ.പി.വിഭാഗം, ലബോറട്ടറി ഇമ്മ്യൂണൈസേഷൻ എന്നിവ പ്രവർത്തിക്കുന്നതിന് പ്രത്യേക കെട്ടിടം നിർമ്മിച്ചു.

ബി) 3079182 രൂപയുടെ എസ്റ്റിമേറ്റിൽ പുരുഷവാർഡ്, എക്സ്റേ, ലബോറട്ടറി, ഫാർമസി എന്നിവയുമായി കെട്ടിടം നിർമ്മിച്ചു.

സി) ഫെയർ ലാന്റിലുള്ള കെട്ടിടത്തിനാവശ്യമായ നവീകരണ പ്രവർത്തനങ്ങൾക്ക് 16 ലക്ഷം രൂപ ചെലവഴിച്ചു. ലബോറട്ടറിയിലേക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങൾ വാങ്ങി.

(ബി) നടപ്പ് സാമ്പത്തികവർഷം പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പുസാമ്പത്തികവർഷം ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ താഴെ ചേർക്കുന്നു.

1) എല്ലാ സ്കൂളുകളിലും സ്കൂൾ ഹെൽത്ത് പദ്ധതി നടപ്പിലാക്കുക

2) കൂടുതൽ ട്രൈബൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക

3) ആദിവാസി മേഖലകളിൽ റെഫറൽ ട്രാൻസ്പോർട്ട് സമ്പ്രദായം ഏർപ്പെടുത്തുക

4) കുടുംബാസൂത്രണ ക്യാമ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുക, നൂതന മാർഗ്ഗങ്ങളെ സംബന്ധിച്ച ട്രെയിനിംഗ് ജില്ലയിലെ എല്ലാ ആരോഗ്യ പ്രവർത്തകർക്കും നൽകുക

5) കൗമാരപ്രായക്കാരായ ആദിവാസികളുടെ അനീമിയ തടയാനുള്ള പോഷകാഹാര വിതരണ പദ്ധതി നടപ്പിലാക്കുക

6) മുൻസിപ്പാലിറ്റി ഏരിയയിൽ അർബൻ ആർ.സി.എച്ച് പദ്ധതി പ്രകാരം കൂടുതൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

7) ഫസ്റ്റ് റഫറൽ യൂണിറ്റുകളിലെ ഓപ്പറേഷൻ തീയേറ്റർ, ലേബർ റൂം എന്നിവ നവീകരിക്കുക

8) പി.എച്ച്.സി കളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി രോഗികൾക്ക് മുഴുവൻ സമയവും സേവനം ലഭ്യമാക്കുക

9) ജില്ലയിലെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലെയും കെട്ടിടങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി അധിക ഫണ്ടുകൾ ലഭ്യമാക്കുക

10) ക്യാൻസർ രോഗികളെ കണ്ടെത്തുന്നതിനുള്ള സർവ്വേയും സ്ക്രീനിംഗ് ക്യാമ്പുകളും സംഘടിപ്പിക്കുക

(സി) പ്രസ്തുത പദ്ധതി പ്രകാരം കല്പറ്റ മണ്ഡലത്തിൽ അനുമതി ലഭിച്ചതും നടന്നുവരുന്നതുമായ പ്രവൃത്തികളും ഇനി അനുമതി ലഭിക്കാനുള്ള പദ്ധതികളും ഏതെല്ലാമെന്ന് വിശദമാക്കുമോ ?

(സി) കൽപ്പറ്റ മണ്ഡലത്തിൽ അനുമതി ലഭിച്ചതും നടന്നു വരുന്നതുമായ പ്രവർത്തികൾ താഴെകൊടുക്കുന്നു.

1) കൽപ്പറ്റ ജനറൽ ആശുപത്രി, വൈത്തിരി , താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ ക്വാർട്ടേഴ്സുകളുടെ നിർമ്മാണം

2) കൽപ്പറ്റ ജനറൽ ആശുപത്രിയുടെ മുകളിൽ മൂന്ന് നില കെട്ടിടത്തിന്റെ നിർമ്മാണം

3) വൈത്തിരി താലൂക്ക് ആശുപത്രി കെട്ടിടങ്ങളുടെ പുനരുദ്ധാരണം

4) അനുമതി ലഭിക്കാതെ കിടക്കുന്ന പദ്ധതികൾ നിലവിൽ ഇല്ല.

സെക്ഷൻ ഓഫീസർ